ശ്രീ. കെ. ടി. അച്യുതൻ : അങ്ങനെ വിട്ടിട്ടുള്ള കേസുകളുടെ വിവരമൊന്നും എന്റെ കൈവശമില്ല. ഈയിടെ കുറച്ചുകേസുകൾ അങ്ങനെ ആർബിട്രേഷനു വിട്ടിട്ടുണ്ടെന്നേറിയാം. എത്രയാണു് എന്നു നമ്പർ തിരിച്ചു പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. കെ. കൃഷ്ണൻ : എത്ര കാലത്തിനുള്ളിൽ ഇതിനു തീരുമാനമെടുത്തിരിക്കണമെന്നു വ്യവസ്ഥകൾ വല്ലതും ഉണ്ടോ ; അട്ടപ്പാടിയിലെ പോനി പ്രൊഡക്ഷനുസിലെ തൊഴിലാളികൾ തമ്മിലുള്ള തർക്കം ആർബിട്രേഷനു വിട്ടിട്ടു രണ്ടുമൂന്നുമാസമായിട്ടും തീരുമാനം എടുക്കാതിരിക്കുന്നതു് എന്തുകൊണ്ടാണു് ?

ശ്രീ. കെ. ടി. അച്യുതൻ ; എന്റെ ഓർമ്മയിൽനിന്നും പറയുവാൻ സാധിക്കുകയില്ല. അതേപ്പറ്റി അന്വേഷിക്കാം. ആർബിട്രേഷനു വിടുന്നതുതന്നെ ചുരുങ്ങിയ കാലത്തിനുള്ളിൽ തീരുമാനം എടുക്കണമെന്നു കരുതിയാണു്. മൂന്നു മാസത്തിനകം തീരുമാനമെടുക്കണമെന്നാണു് വ്യവസ്ഥ.

ശ്രീ. എസ്സ്. കുമാരൻ : ഗവണ്മെന്റു് ഉടമയിലുള്ള തൊഴിൽ തർക്കങ്ങളും ഇതിൽ പെടുമോ ? എങ്കിൽ ഇതിനകം എത്ര വഴക്കുകൾ ആർബിട്രേഷനു വിട്ടിട്ടുണ്ടു് ?

ശ്രീ. കെ. ടി. അച്യുതൻ : ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് അങ്ങനെ വിടും. ഗവണ്മെന്റു സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഇങ്ങനെ പാടില്ല.

ശ്രീമതി കെ. ആർ. ഗൗരി : ഒരു തൊഴിൽത്തർക്കം ഉണ്ടാകുകയാണെങ്കിൽ ഇരുഘടകങ്ങളേയും വിളിച്ചുകൂട്ടുന്നതിനു സാമാന്യമായി ലേബർ ഡിപ്പാർട്ടുമെന്റു് എത്ര സമയം എടുക്കുമെന്നു പറയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഒരു മാസത്തിനകം കൗൺസിൽ വിളിച്ചുകൂട്ടി റിപ്പോർട്ടു ചെയ്യണം എന്നാണു് വച്ചിട്ടുള്ളതു്.

ശ്രീമതി കെ. ആർ. ഗൌരി : നാലഞ്ചു പ്രാവശ്യം കൗൺസിൽ വിളിച്ചുകൂട്ടിയിട്ടും മുതലാളിമാരുടെ പ്രതിനിധികൾ ഹാജരാകാതിരിക്കുകയാണെങ്കിൽ ഇതുപോലുള്ള കേസുകൾ ആർബിട്രേഷനു വിട്ടുകൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഇരു കക്ഷികൾക്കും ഒരു പ്രാവശ്യം അങ്ങോട്ടും ഇങ്ങോട്ടും നീട്ടാൻ അനുവാദം കൊടുക്കും. കൂടുതൽ പ്രാവശ്യം അനുവാദം നൽകാറില്ല.

ശ്രീമതി കെ. ആർ. ഗൌരി : ഉദാഹരണമായി ചേർത്തല ഡിസ്റ്റിലറിയിലെ തൊഴിൽത്തർക്കം തീർക്കുവാൻ കൗൺസിൽ വിളിച്ചുകൂട്ടിയിട്ടു മുതലാളിമാരുടെ പ്രതിനിധികൾ ഹാജരാകാതിരുന്നതിനു എന്തെങ്കിലും നടപടി നടത്താതിരിക്കുന്നതു എന്തുകൊണ്ടാണു് ?

ശ്രീ. കെ. ടി. അച്യുതൻ : അതെപ്പറ്റി അന്വേഷിക്കാം.

സ്ഥിരപ്പെടുത്തിയ ഡ്രൈവർമാരും കണ്ടക്ടർമാരും

* 615. [4] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) 1963 ഡിസംബർ 1-ാം തീയതിക്കുശേഷം 1954 ജനുവരി 5-ാം തീയതിക്കുമുള്ള കാലയളവിൽ, ഡെയിലി വേജസിൽ ജോലി ചെയ്യുന്നവരും, 100 മൈലിലധികം ദൂരെ ജോലി ചെയ്യുന്നവരുമായ ഡ്രൈവറേയും, കണ്ടക്ടറേയും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രപേരെ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അവരിൽ എത്രപേരെ അവരുടെ സ്വന്തം ഡിസ്ട്രിക്റ്റിൽ സ്ഥലംമാറ്റി ?

ഗതാഗതവും തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ)

(എ) സ്ഥിരപ്പെടുത്തിയിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. സി. ആദിച്ചൻ : ഡെയിലിവേജസിൽ ജോലി ചെയ്യുന്ന കണ്ടക്റ്റർമാരേയും ഡ്രൈവർമാരെയും അവരുടെ താമസസ്ഥലത്തുനിന്നും വളരെ ദൂരെ സ്ഥലം മാറ്റുന്നതിന്റെ കാരണം എന്താണ് ; ഇങ്ങനെ സ്ഥലം മാറ്റുന്നതുകൊണ്ട് ഡിപ്പാർട്ടുമെന്റിനു പ്രത്യേകമായി വല്ല ഗുണവും ഉണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : പ്രത്യേകമായി ഡിപ്പാർട്ടുമെന്റിനു ഒരു ഗുണവും ഇല്ല. സർവ്വീസ് ശരിയായി നടത്തണമെന്നുള്ള ഒരു ഉദ്ദേശം മാത്രമേയുള്ളൂ.

ശ്രീ. ഇ. പി. ഗോപാലൻ : ഒരു റൂട്ടിൽ ട്രാൻസ്പോർട്ട് വക ബസ് ഓടിക്കഴിഞ്ഞാൽ അതിലെ ഡ്രൈവറന്മാരുടെയും കണ്ടക്റ്റർമാരുടെയും തസ്തികകൾ സ്ഥിരപ്പെടുത്താത്തതുകൊണ്ടല്ലേ അവർ ഡെയിലിവേജസ് കാരായി പണിയെടുക്കേണ്ടിവരുന്നത് ?

ശ്രീ. കെ. ടി. അച്യുതൻ : ഒരു പുതിയ റൂട്ട് ആരംഭിച്ചാൽ ഉണ്ടാകുന്ന വേക്കൻസിയിൽ, ആ ഡിപ്പാർട്ടുമെന്റിൽ ജോലിചെയ്യുന്നവരുടെ സീനിയോറിറ്റി അനുസരിച്ച് സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തു വരുന്നുണ്ട്. അങ്ങനെ സീനിയോറിറ്റി അനുസരിച്ചാണ് ഇപ്പോൾ പെർമനന്റു വേക്കൻസിയിൽ ആളുകളെ നിയമിക്കുന്നത്. പിന്നെ കുറെ ഡെയിലി വേജസ്കാരും ഈ ഡിപ്പാർട്ടുമെന്റിൽ പ്രവർത്തിക്കുന്നുണ്ട്. അവർക്കും വേക്കൻസിയനുസരിച്ചും സീനിയോറിറ്റി അനുസരിച്ചും ജോലി സ്ഥിരത കൊടുക്കും. ഓരോ റൂട്ടിനെ സംബന്ധിച്ചും ഷെഡ്യൂളിനെ സംബന്ധിച്ചും അല്പം ഭേദഗതി ചെയ്ത് സാമാന്യമായി ജോലിചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം സ്ഥിരമാക്കാനുള്ള നടപടികളും എടുത്തുവരുന്നുണ്ട്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഡെയിലിവേജസിൽ ജോലിചെയ്യുന്ന കണ്ടക്റ്റർമാരുടേയും ഡ്രൈവർമാരുടേയും ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനു വേണ്ടി അവരെ സ്വന്തം ജില്ലയിൽതന്നെ ജോലിചെയ്യുന്നതിനു അനുവദിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഡെയിലിവേജസ്കാരെ സംബന്ധിച്ചിടത്തോളവും അല്ലാത്തവരെ സംബന്ധിച്ചിടത്തോളവും ഏതു് ഡിസ്ട്രിക്റ്റിലാണു് അവർക്കു് ജോലി ചെയ്യാൽ സൗകര്യമുള്ളതെന്നുള്ളതിനു് ഒരു ലിസ്റ്റു എഴുതിവാങ്ങി അതു് അനുസരിച്ചാണു് നിയമിച്ചിട്ടുള്ളതു്.

ശ്രീ. എം. നാരായണക്കുറുപ്പ് : ദിവസക്കൂലിയിൽ പ്രവർത്തിയെടുക്കുന്ന കണ്ടക്റ്റർമാരേയും ഡ്രൈവർമാരേയും സീനിയോറിറ്റി അനുസരിച്ചു് സ്ഥിരപ്പെടുത്തുമെന്നു് പറഞ്ഞു. ഈ സീനിയോറിറ്റി നിശ്ചയിക്കുന്നതു് എന്തടിസ്ഥാനത്തിലാണെന്നു പറയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : സർവ്വീസ് കമ്മീഷൻ നിയമനം നടത്തുന്ന ലിസ്റ്റനുസരിച്ചാണു് സീനിയോറിറ്റി നിശ്ചയിക്കുന്നതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഇതുവരെയായിട്ടു് ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെന്റിൽ ഡെയിലി വേജസ്കാരായി എടുത്തിട്ടുള്ള ഏതെങ്കിലും കണ്ടക്റ്റർമാരേയോ, ഡ്രൈവർമാരേയോ സ്ഥിരം വേക്കൻസിയിൽ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : സ്ഥിരമായ വേക്കൻസി ഉണ്ടാകുമ്പോൾ അതിൽ നിയമപ്രകാരം ആളുകളെ നിയമിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഈ കഴിഞ്ഞ മൂന്നു കൊല്ലക്കാലത്തിനകം എങ്കിലും ഡെയിലിവേജസ് കാരായ കണ്ടക്ടർമാരേയോ, ഡ്രൈവർമാരേയോ സ്ഥിരപ്പെടുത്തിയിട്ടുണ്ടോയെന്നാണ് ചോദിച്ചത് ?

ശ്രീ. കെ. ടി. അച്യുതൻ : ഈ കഴിഞ്ഞ മൂന്ന് മൂന്നര കൊല്ലത്തിനിടയിൽ ഏകദേശം ഇരുനൂറോളംപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൌരി : ഡെയിലിവേജസിൽ എടുക്കുന്ന കണ്ടക്ടർമാരേയും ഡ്രൈവർമാരേയും എത്രകൊല്ലം ഇങ്ങനെ ജോലി ചെയ്യുമ്പോൾ സ്ഥിരം സർവ്വീസിൽ എടുക്കുമെന്നു പറയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : അങ്ങനെ എത്ര കാലത്തിനകം സ്ഥിരമായി നിയമിക്കാൻ സാധിക്കുമെന്നു പറയാൻ നിവൃത്തിയില്ല. പബ്ളിക്ക് സർവ്വീസ് കമ്മീഷന്റെ ലിസ്റ്റനുസരിച്ച് സ്ഥിരമായി വേക്കൻസി വരുമ്പോൾ സീനിയോറിട്ടി നോക്കി സ്ഥിരപ്പെടുത്തുന്നതാണ്.

ശ്രീമതി കെ. ആർ. ഗൌരി : കുറച്ചു ദിവസങ്ങൾക്കുമുമ്പ് ഐ. എൻ. ടി. യു. സി. യുടെ നേതൃത്വത്തിൽ ഡെയിലിവേജസുകാർ സമരം നടത്തിയപ്പോൾ, അവരുടെ അവകാശങ്ങൾ പരിഗണിക്കുമെന്നു പറയുകയുണ്ടായി. അതനുസരിച്ച് മന്ത്രി ആരെയെങ്കിലും സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : ഇതിനെ സംബന്ധിച്ച് ഇന്നലെ ശ്രീ. പി. ആർ. ഫറൻസിസ് ഒരു ചോദ്യം ചോദിച്ചതിനു ഞാൻ മറുപടി കൊടുത്തിട്ടുണ്ട്. അത് ഗവണ്മെൻറിന്റെ തീരുമാനത്തിലിരിക്കുകയാണ്. ഉടനെ തന്നെ അതിനൊരു അവസാന തീരുമാനം ഉണ്ടാകുന്നതാണ്.

സെറിൽമെൻറു സ്കീം

* 616. [5] †ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിൽമെൻറു സ്കീമനുസരിച്ചു, ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഏവ;

(ബി) 1963–64 വർഷത്തിൽ എത്രപേർക്കു ഈ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്:

(സി) സെറിൽമെൻറു സ്കീമനുസരിച്ചുള്ള ആനുകൂല്യങ്ങൾക്കു വേണ്ടിയുള്ള എത്ര അപേക്ഷകൾ ഇപ്പോൾ തീരുമാനത്തിലെത്താതെയുണ്ട്?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) സെറിൽമെൻറു സ്കീം അനുസരിച്ച് മൂന്നു വിധത്തിൽ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

(1) സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ലാത്തവരും ഭൂമി വാങ്ങി കെട്ടിടം വെയ്ക്കുന്നതിനു നിവൃത്തിയില്ലാത്തവരുമായ പാവങ്ങൾക്കു ഗ്രാമപ്രദേശങ്ങളിൽ പത്തു സെൻറും, പട്ടണപ്രദേശങ്ങളിൽ അഞ്ചു സെൻറും, നൽകുന്നതു കൂടാതെ വീടു പണിയുന്നതിനു 670 രൂപയും സഹായധനമായി നൽകിവരുന്നുണ്ട്. വേനനിർമ്മാണ പൂർത്തീകരണത്തിനു പ്രാദേശിക പരിതഃസ്ഥിതികളും അനുസരിച്ച് ഈ തുക തികയാതെ വരുമ്പോൾ കളക്ടറുടെ സ്ഥലത്തെ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറുമായി ആലോചിച്ച് 180 രൂപവരെ ഓരോ വീടിനും കൂടുതൽ അനുവദിക്കാവുന്നതാണ്.

(2) സ്വന്തമായി ഭൂമിയില്ലാത്തവരും സ്വന്തമായി ഭൂമി വാങ്ങാൻ നിവൃത്തിയില്ലെങ്കിലും സ്വന്തമായി കെട്ടിടം വെയ്ക്കാൻ നിവൃത്തിയുള്ളവരുമായ പാവങ്ങൾക്ക് പട്ടണപ്രദേശങ്ങളിൽ അഞ്ചു സെൻറും ഗ്രാമപ്രദേശങ്ങളിൽ പത്തു സെൻറു ഭൂമിയും മാത്രം നൽകുന്നതാണ്.

† Put by Smt. Kusumom.

LIBRARY ARCHIVES Kerala Legislative Assembly